ല്ലാത്ത സാഹചര്യത്തിൽ മാത്രം കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തുക. അങ്ങനെ കോൺട്രാക്ട് അപ്പോയിന്റ്മെന്റ് നടത്തിയാൽ ആ കോൺട്രാക്ട് പിരീഡ് കഴിഞ്ഞാൽ പിന്നിട് അവർക്ക് സ്ഥിരാവകാശപ്പെടാൻ നിർവ്വാഹമി ല്ലാത്ത രീതിയിൽ നടത്തുന്നതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. ടി.എം. ജേക്കബ് : കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒരു കോടി അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. ഈ ഒരുകോടി അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അഡീഷണലായി കുറച്ചു സ്റ്റാഫിനെ പി.എസ്.സി. ഓഫീസിലേക്ക് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ഒബ്ജക്ഷനുണ്ട്. ആ ഒബ്ജക്ഷൻ ക്ലിയർ ചെയ്യുന്നതിന് എന്തെങ്കിലും സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : വളരെക്കാലം മന്ത്രിയായിരുന്ന ബഹുമാ നപ്പെട്ട മെമ്പർക്ക്തന്നെ അറിയാം. ഫിനാൻസ് വകുപ്പിലേക്ക് കാശ് ചെലവാ ക്കാനുള്ള നിർദ്ദേശം വന്നാൽ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ ജോലി എങ്ങനെ ഇത് ചെലവാക്കാതിരിക്കാമെന്നുള്ളതാണ്. ഇതു ദൈവ വാക്യമല്ല. ഫൈനൽ വേർഡുമല്ല, ഗവൺമെന്റ് നയപരമായ പൊളിറ്റിക്കൽ ഡിസിഷൻ എടുത്താൽ ഫിനാൻസ് സെക്രട്ടറിക്ക് ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രസ്റ്റിലോ, യത്തീം ഖാനയിൽ ചെയ്യുന്നതുപോലെയോ സൗജന്യമായി ചെയ്ത്തക്ക നിർദ്ദേശമല്ല കൊടുത്തിട്ടുള്ളത്. ഗവൺമെന്റിന്റെ ചട്ടക്കൂട്ടിൽ ഒതു ങ്ങിനിന്നുകൊണ്ട് വെയ്സ് ആന്റ് മീൻസ് നോക്കി ചെലവു ചെയ്യേണ്ടത് ഫിനാൻസ് സെക്രട്ടറിയുടെ ജോലിയാണ് അത് അദ്ദേഹത്തിനറിയാം. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം മറികടന്ന് പലപ്രാവശ്യം ഗവൺമെന്റ് തീരുമാനമെടുക്കുകയും ചെയ്യും. ആ ഒബ്ജക്ഷൻ അവിടെ കിടക്കും. പോപ്പുലറാണെന്ന് ഗവൺമെന്റിനു തോന്നിയാൽ ഗവൺമെന്റ് ചെയ്യുകയും ചെയ്യും.

ഉത്തരത്തിലെ തിരുത്ത്

മി.സ്പീക്കർ : ഓർഡർ... ഓർഡർ... ഉത്തരത്തിലുള്ള തിരുത്ത്.

ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി.സി. കബീർ : സർ, 20.12.1999-ലെ നക്ഷത്രചിഹ്നമിടാത്ത 867.868 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരുന്നു.† തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ സൗകര്യങ്ങൾ

4 (*154)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം-4

LIBRARY ARCHIVES Kerala Legislative Assembly

(എ) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ലഭ്യമാണോ;

(ബി) അല്ലെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇനിയും ലഭ്യമാക്കേണ്ടത്;

(സി) നെടുമ്പാശ്ശേരി വിമാനത്താവളം രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(ഡി) നെടുമ്പാശ്ശേരിയെ രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) നെടുമ്പാശ്ശേരി വിമാനത്താവളത്തിന് മൊത്തം ചെലവായതുക എത്രയെന്ന് അറിയിക്കുമോ;

(എഫ്)ഈ തുക ഏതെല്ലാം മാർഗ്ഗത്തിലൂടെ സമാഹരിച്ചുവെന്ന് അറിയിക്കുമോ;

(ജി) ഇതിൽ പലിശ നൽകേണ്ട വായ്പ/മറ്റുള്ള തുക എത്ര;

(എച്ച്) വിമാനത്താവളം പ്രവർത്തനം ആരംഭിച്ചതിന് ശേഷം 31-1-2000 വരെ പലിശ ഇനത്തിൽ എന്തുതുകയാണ് ചെലവായത്; ഇതിൽ കൊടുത്തു തീർത്ത തുക എത്ര; ബാക്കി എത്ര കൊടുക്കുവാനുണ്ട്;

(ഐ) വിമാനത്താവളം പ്രവർത്തനം ആരംഭിച്ചതിന് ശേഷം 31-1-2000 വരെ ഓരോ മാസവും ലഭിച്ച മൊത്തം വരുമാനമെത്ര;

(ജെ) ഇതിൽ പ്രവർത്തനച്ചെലവുകൾക്ക് ശേഷം ഓരോ മാസവും എത്ര ലാഭം ഉണ്ടായി എന്ന് അറിയിക്കുമോ;

(കെ) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതോടെ ഓരോ മാസവും പ്രതീക്ഷിക്കുന്ന മൊത്തം വരുമാനമെത്ര;

(എൽ) വിദേശമലയാളികൾക്ക് വളരെയെറെ പ്രയോജനം ഉണ്ടാകുന്ന കാര്യം എന്ന നിലയിൽ എത്രയും വേഗം നെടുമ്പാശ്ശേരി വിമാനത്താവളത്തെ രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിച്ചു കിട്ടുവാൻ ആവശ്യമയ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ലഭ്യമാണ്

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) രാജ്യാന്തര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നതായി കേന്ദ്ര സർക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 8-11-1999 ലും 25-01-2000 ലും മുഖ്യമന്ത്രി തന്നെ നേരിട്ട് കേന്ദ്ര വ്യോമയാനമന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ രാജ്യാന്തര പദവി അംഗീകരിപ്പിക്കുന്നതിനായി കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് ഈ വിഷയം കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. താമസിയാതെ അംഗീകാരം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) ആകെ 308.96 കോടി രൂപ ചെലവായിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഓഹരി മൂലധനമായി 76.45 കോടി രൂപയും വായ്പയായി 185.69 കോടി രൂപയും മറ്റിനങ്ങളിലായി 28.50 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ജി) 185.69 കോടി രൂപ.

(എച്ച്) ആകെ 68.64 കോടി രൂപ. ഇതിൽ കൊടുത്തുതീർത്തത് 49കോടി രൂപ. ബാക്കി കൊടുക്കുവാനുള്ളത് 19.64 കോടി രൂപ.

(ഐ) തുക ലക്ഷത്തിൽ

ജൂൺ 1999	-	27
ജൂലൈ "	-	136
ആഗസ്റ്റ് "	-	144
സെപ്റ്റംബർ "	-	132
ഒക്ടോബർ "	-	131
നവംബർ "	-	151
ഡിസംബർ "	-	149
ജനുവരി 2000	-	146

(ജെ) ഇപ്പോൾ ലാഭം ഇല്ല

(കെ) പ്രതിമാസം 184 ലക്ഷം രൂപ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷ.

(എൽ) സ്വീകരിച്ചു വരുന്നു.

സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്ക് റേഷൻ സാധനങ്ങൾ നൽകാൻ നടപടി

5 (*155)ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വില കേന്ദ്രം വർദ്ധിപ്പിക്കുന്നെങ്കിൽ അതുമൂലം ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) റേഷൻ വിതരണത്തിൽ പുതുതായി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(സി) കേന്ദ്ര വില വർദ്ധിപ്പിച്ചാലും സംസ്ഥാനത്തെ സാധാരണക്കാർക്ക് സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്കുതന്നെ റേഷൻ സാധനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly